## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 418** **25.06.2019 -ൽ മറുപടിയ്ക്ക്**

## ഭിന്നശേഷിക്കാരായ കുട്ടികളും റിസോഴ്സ് അദ്ധ്യാപകരും

ചോദ്യം **ഉത്തരം**

**ശ്രീ.എൻ. ഷംസുദ്ദീൻ**
**ശ്രീ.കെ.എൻ.എ ഖാദർ**
**ശ്രീ.പി.ഉബൈദുള്ള**
**ശ്രീ.ടി.എ.അഹമ്മദ് കബീർ**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികളെ മറ്റുള്ളവർക്കൊപ്പം പഠിപ്പിച്ച് അവരുടെ സാമൂഹിക ശേഷികൾ വികസിപ്പിച്ചെടുത്ത് പൊതുസമൂഹത്തിന്റെ ഭാഗമാക്കിയെടുക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) | പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷാ കേരളവും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകുന്നത്. സാമൂഹിക ഉൾച്ചേർക്കൽ പരിപാടിയുടെ ഭാഗമായി സഹവാസ ക്യാമ്പ്, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, രക്ഷാകർത്തൃ ശാക്തീകരണം, വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ ശാക്തീകരണം, കിടപ്പിലായ കുട്ടികളുടെ വീട്ടിലെത്തി അതിലൂടെ അവരുടെ സാമൂഹികവൽക്കരണ പ്രക്രിയ സാധ്യമാകുന്ന പരിപാടിയായ ചങ്ങാതിക്കൂട്ടം, പഠന വിനോദയാത്രകൾ, ലോക ഭിന്നശേഷി വാരാചരണം, കലാകായിക പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ സമഗ്രശിക്ഷ കേരള നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | ഇതിലേക്കായി സർക്കാർ നിയമിക്കുന്ന റിസോഴ്സ് അദ്ധ്യാപകരുടെ നിയമന രീതിയും സേവന വ്യവസ്ഥകളും വ്യക്തമാക്കുമോ; ഇവർക്ക് വേതനം കുടിശ്ശികയായിട്ടുണ്ടോ;വ്യക്തമാക്കുമോ; | ബി) | ആനുവൽ വർക്ക് പ്ലാൻ & ബഡ്ജറ്റ്ന്റെ അംഗീകാരത്തിന് വിധേയമായി ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നത്. അതത് വർഷം ആനുവൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് നിശ്ചയിച്ച് നൽകുന്ന സേവന വേതന വ്യവസ്ഥകളാണ് ഇവർക്കുള്ളത്. ഇവരുടെ വേതനത്തിൽ നിലവിൽ കുടിശ്ശികയില്ല. |
| സി) | പത്ത് വർഷത്തിലധികം ജോലി ചെയ്ത റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണെന്ന ഹൈക്കോടതി പരാമർശത്തെ തുടർന്ന് സർക്കാർ ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) | കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള കരാർ നിയമനമായതിനാലും നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരവും കോടതി വിധി നടപ്പിൽ വരുത്താൻ കഴിയാത്ത സാഹചര്യമായതിനാൽ ബഹു.ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ